പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2649 — 12/02/2019 ൽ മറുപടിക്ക്

# പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത

**ചോദ്യം**

ശ്രീമതി .ഇ.എസ് ബിജിമോൾ:
ശ്രീ. കെ. രാജൻ
ശ്രീ വി.ആർ. സുനിൽകുമാർ
ശ്രീ. ഇ.ടി. ടൈസൺമാസ്റ്റർ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദന മേഖലകളിൽ സ്വയം പര്യാപ്തത നേടുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. അനിമൽ റിസോഴ്സ് ഡവലപ്മെന്റ്(ARD). പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി, ഇടത്തരം ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കാള/ പോത്തുകുട്ടി വളർത്തൽ പദ്ധതി, മാർക്കറ്റിംഗ് ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം പോലുള്ള വിവിധങ്ങളായ പരിപാടികളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 6.25 കോടി രൂപ നീക്കിവച്ചിരിക്കുന്നു.<br><br>ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1.മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br><br>2. തീറ്റപ്പുൽക്കൃഷി വികസന പദ്ധതികൾ<br><br>3.ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത സഹായം<br><br>4.ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ<br><br>5. ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള ധനസഹായങ്ങൾ<br><br>കൂടാതെ 2016-17 മുതൽ സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര |

<table>
<tr><td></td><td></td><td></td><td>
ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഒരു ഗ്രാമപഞ്ചായത്തിൽ 50 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരഗ്രാമം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതിയുടെ പേര്</th><th>ധനസഹായ തുക</th></tr>
<tr><td>1</td><td>ഒരു പശു യൂണിറ്റ്</td><td>33,000</td></tr>
<tr><td>2</td><td>രണ്ട് പശു യൂണിറ്റ്</td><td>66,000</td></tr>
<tr><td>3</td><td>5 പശുയൂണിറ്റ്</td><td>177000</td></tr>
<tr><td>4</td><td>10 പശു യൂണിറ്റ്</td><td>366000</td></tr>
<tr><td>5</td><td>5 കിടാരി യൂണിറ്റ്</td><td>98800</td></tr>
<tr><td>6</td><td>10 കിടാരി യൂണിറ്റ്</td><td>196400</td></tr>
<tr><td>7</td><td>കറവയന്ത്രം</td><td>25000</td></tr>
<tr><td>8</td><td>ഗോകുലം ഡെയറി യൂണിറ്റ്</td><td>180000</td></tr>
<tr><td>9</td><td>ആവശ്യാധിഷ്ഠിത സഹായം</td><td>50000</td></tr>
<tr><td>10</td><td>കാലിത്തൊഴുത്ത്</td><td>50000</td></tr>
<tr><td>11</td><td>ശാസ്ത്രീയമായി കാലിത്തൊഴുത്ത്</td><td>100000</td></tr>
</table>

അത്യുല്പാദനശേഷിയും ഉയർന്ന ജനിതക ഗുണവുമുള്ള കറവപ്പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2018-19 വർഷത്തിൽ 100 കിടാരികൾ അടങ്ങിയ "ഹീഫർ പാർക്ക്" എന്ന പദ്ധതി, തെരഞ്ഞെടുത്ത നാല് ക്ഷീര സംഘങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനായി ഒരു ഹീഫർ പാർക്കിന് 19,37,500/- രൂപയാണ് സബ്സിഡിയായി നൽകുന്നത്.
</td></tr>
<tr><td>ബി)</td><td>ആട് വളർത്തൽ യൂണിറ്റിന് പ്രത്യേക സഹായം ലഭ്യമാക്കുമോ; പദ്ധതിക്ക് നല്കുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;</td><td>ബി)</td><td>ഗോട്ട് സാറ്റലൈറ്റ് പദ്ധതിയിലൂടെ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19 ൽ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായം. ആകെ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2018-19 ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000/- രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിൽ 10 പെണ്ണാടും</td></tr>
</table>

| | | | |
|---|---|---|---|
| | | | ഒരാണാടും അടങ്ങിയ ഒരു യൂണിറ്റിന് 59400/- രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 1000 യൂണിറ്റിന് 594 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. |
| സി) | മാംസം ആവശ്യത്തിനായുള്ള പോത്ത്കുട്ടി വളർത്തൽ പദ്ധതിയിൽ നല്കുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | സി) | 2-3 മാസം പ്രായമുള്ള പോത്തുകുട്ടിയെ വാങ്ങുന്നതിന് ഒരു കർഷകന് 10,000/- രൂപ വീതം സംസ്ഥാനത്തെ 1250 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു. |
| ഡി) | ആയൂർ തോട്ടത്തറയിലെ നവീന ഹാച്ചറിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | ഡി) | ആയൂർ ഹാച്ചറി നവീകരണത്തിന് RKVY 2015-16 പദ്ധതിയിൽ 5.81 കോടി രൂപ അനുവദിക്കുകയുണ്ടായി. 3.7 കോടി രൂപ ലഭിച്ചു. ആയതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോട് അടുക്കുന്നു. ഹാച്ചറിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ഇ) | പശുക്കളുടെ പ്രതിദിന പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | ഇ) | ചിട്ടയായ ശാസ്ത്രീയ പ്രജനനമാർഗ്ഗങ്ങൾ അവലംബിക്കുക വഴി പശുക്കളുടെ പ്രതിദിന പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പശുക്കളുടെ പ്രതിദിന ഉൽപാദനം 10.25 ലിറ്ററായി ഉയർന്നിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതികൾ വഴി പശുക്കുട്ടികളുടെ ഉൽപാദനശേഷി വികസിപ്പിക്കുവാൻ കഴിയുന്നു. സമയബന്ധിതമായി വിരയിളക്കൽ, ധാതുലവണ മിശ്രിതത്തിന്റെ ഉപയോഗം, തീറ്റപ്പുൽ കൃഷിയുടെ വ്യാപനം എന്നീ നടപടികൾ വഴിയും പശുക്കളുടെ പ്രതിദിന പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| എഫ്) | ആധുനിക സൗകര്യങ്ങളുള്ള ഹൈടെക് ഡയറി ഫാമുകൾ വകുപ്പിന്റെ അഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | എഫ്) | ഉണ്ട്. കൊല്ലം ജില്ലയിലെ കുര്യോട്ടുമലയിൽ പ്രവർത്തിക്കുന്ന ഹൈടെക് ഡയറി ഫാം. |
| ജി) | ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | ജി) | ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ഗുണഭോക്താവിന് 25,000/- രൂപ ധനസഹായം നൽകുന്നു. 2018-19 ൽ സംസ്ഥാനത്ത് 184 ഗുണഭോക്താക്കൾക്ക് 46,00,000/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ